**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 36** **07-06-2021 - ൽ മറുപടിയ്ക്ക്**

**എരുമേലി എയർപോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | നിർദ്ദിഷ്ട എരുമേലി എയർപോർട്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ ; | (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ശബരിമലയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt Ltd എന്ന സ്ഥാപനം ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) ലഭ്യമാക്കുകയുണ്ടായി. ചെറുവള്ളി എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും (2263.18 ഏക്കർ) ഉപയുക്തമാക്കി വിമാനത്താവളം നിർമ്മിക്കുന്നതിലേയ്ക്കായി ടി ഭൂമി ഏറ്റെടുക്കുന്നതിന് 18.06.2020 ലെ സ.ഉ(കൈ) നം. 158/2020/റവ പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിലെ, വില കോടതിയിൽ കെട്ടിവച്ച് ഭൂമി ഏറ്റെടുക്കണമെന്ന നിബന്ധന ബഹു.ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. കൂടാതെ ഭൂമിയുടെ അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത സിവിൽ കേസ് പാലാ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. ഭൂമി ഏറ്റെടുക്കുന്നതിന് നോഡൽ ഏജൻസിയായി കിൻഫ്രയെ ചുമതലപ്പെടുത്തുന്നതിനും, ഡി.പി.ആർ തയ്യാറാക്കുന്നതിന് കെ.എസ്.ഐ.ഡി.സി യെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. DGCA, കേന്ദ്ര പ്രധിരോധ മന്ത്രാലയം എന്നിവയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. സാമൂഹ്യ ആഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള | (ബി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ |

| | | | |
|---|---|---|---|
| | നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ? | | ശബരിമലയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt Ltd എന്ന സ്ഥാപനം ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) ലഭ്യമാക്കുകയുണ്ടായി. ചെറുവള്ളി എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും (2263.18 ഏക്കർ) ഉപയുക്തമാക്കി വിമാനത്താവളം നിർമ്മിക്കുന്നതിലേയ്ക്കായി ടി ഭൂമി ഏറ്റെടുക്കുന്നതിന് 18.06.2020 ലെ സ.ഉ(കൈ) നം. 158/2020/റവ പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിലെ, വില കോടതിയിൽ കെട്ടിവച്ച് ഭൂമി ഏറ്റെടുക്കണമെന്ന നിബന്ധന ബഹു.ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. കൂടാതെ ഭൂമിയുടെ അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത സിവിൽ കേസ് പാലാ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. ഭൂമി ഏറ്റെടുക്കുന്നതിന് നോഡൽ ഏജൻസിയായി കിൻഫ്രയെ ചുമതലപ്പെടുത്തുന്നതിനും, ഡി.പി.ആർ തയ്യാറാക്കുന്നതിന് കെ.എസ്.ഐ.ഡി.സി യെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. DGCA, കേന്ദ്ര പ്രധിരോധ മന്ത്രാലയം എന്നിവയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. സാമൂഹ്യ ആഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ